**റൂളിംഗ്**

<u>മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഓരോ വർഷത്തെയും ബഡ്ജറ്റ് വിഭജനത്തിലെ ചെലവുകൾ സംബന്ധിച്ച് സാമ്പത്തിക വർഷം പൂർത്തിയാക്കിയതിനുശേഷം നാല് മാസത്തിനകം ബന്ധപ്പെട്ട വകുപ്പുകൾ സഭാനടപടി ചട്ടം 236 (6) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായ വാർഷിക പ്രവർത്തന റിപ്പോർട്ട് ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നില്ല എന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഉദാഹരണസഹിതം ഇവിടെ ഉന്നയിച്ചത്.

സർക്കാർ നിയമസഭ മുമ്പാകെ വയ്ക്കുന്നതും സഭയുടെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ വിശദമായ പരിശോധനയും ചർച്ചയും നടത്തി പാസ്സാക്കുന്നതുമായ ധനാഭ്യർത്ഥനകൾ അനുസരിച്ചുള്ള തുകകൾ ചെലവഴിച്ചത് സംബന്ധിച്ച "വാർഷിക പ്രവർത്തന റിപ്പോർട്ട് സാമ്പത്തിക വർഷം പൂർണ്ണമായതിനുശേഷം നാല് മാസങ്ങൾക്ക് പിമ്പല്ലാതെ മേശപ്പുറത്തുവയ്ക്കേണ്ടതാണ്" എന്ന് ചട്ടം 236 (6)-ൽ പറഞ്ഞിരിക്കുന്നു.

സഭ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ സംബന്ധിച്ച വിശദാംശം

സഭാംഗങ്ങൾക്ക് ലഭിക്കാതിരുന്ന സാഹചര്യത്തിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി 2009-ൽ രൂപീകരിച്ച നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് 236-ാം ചട്ടത്തിന് ഉപചട്ടം (5), ഉപചട്ടം (6) എന്നീ രണ്ട് ഉപചട്ടങ്ങൾ കൂട്ടിച്ചേർത്തത്. (5)-ാം ഉപചട്ട പ്രകാരം ധനാഭ്യർത്ഥന പരിശോധന പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ നൽകുന്ന ശിപാർശകളിന്മേൽ സ്വീകരിക്കുന്ന നടപടികൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ഉപചട്ടം (6)-ൽ ബഡ്ജറ്റ് വിഹിതത്തിന്റെ ചെലവ് സംബന്ധിച്ച എല്ലാ വകുപ്പുകളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, 2010 മാർച്ച് 31 മുതൽ നിലവിൽ വന്ന പ്രസ്തുത രണ്ട് ഉപചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ മിക്ക വകുപ്പുകളിലും കാര്യക്ഷമമായി നടക്കുന്നില്ല എന്നാണ് ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽനിന്നും മനസ്സിലാക്കുന്നത്. ഈ സഭയുടെതന്നെ ഒന്നാം സമ്മേളനത്തിൽ 2016 ജൂലൈ 19-ാം തീയതി ശ്രീ. കെ. എസ്. ശബരീനാഥൻ ചട്ടം

303 പ്രകാരം ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്നു എന്നത് ശരിയാണെന്നും ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അന്ന് സഭയ്ക്ക് ഉറപ്പുനൽകിയിരുന്നതുമാണ്.

ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതിയുണ്ടാകാത്ത സാഹചര്യത്തിൽ ഈ സഭയിലെ ചട്ടങ്ങൾ സംബന്ധിച്ച സമിതി ഈ രണ്ട് ഉപചട്ടങ്ങളിലെയും വ്യവസ്ഥകൾ സമഗ്രമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം ആയതിനുള്ള കാരണംകൂടി ബന്ധപ്പെട്ട മന്ത്രി സഭയെ അറിയിക്കണമെന്ന വ്യവസ്ഥകൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും അതുൾപ്പെടെയുള്ള ചട്ടഭേദഗതികൾ സംബന്ധിച്ച നടപടികൾ അതിന്റെ അന്തിമഘട്ടത്തിൽ ആയിട്ടുള്ളതുമാണ്.

ഏതായാലും ഉദാഹരണസഹിതം ശ്രീ. എം. ഉമ്മർ ഉന്നയിച്ച പ്രകാരമുള്ള

വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ പാർലമെന്ററികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി ആവിഷ്കരിക്കണമെന്നും ഇതുസംബന്ധിച്ച വിശദവും വ്യക്തവുമായ ഒരു റിപ്പോർട്ട് പാർലമെന്ററികാര്യ വകുപ്പ് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

(ധനകാര്യം)